(ഡി) വിധവ/വിഭാര്യൻ എന്നിവർക്ക് പെൻഷൻ പ്രായത്തിനു മുമ്പ് എപ്പോൾ വേണമെങ്കിലും അപേക്ഷ സമർപ്പിക്കുവാൻ വ്യവസ്ഥയുണ്ട്. സർക്കാർ ജീവനക്കാരന്റെ വിധവ/വിഭാര്യൻ, മകൻ, മകൾ എന്നിവർക്കു മാത്രമേ തൊഴിലാനുകൂല്യത്തിന് അർഹതയുള്ളു.

64 (690) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലേക്ക് നിയമനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലേയ്ക്ക് നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മിഷൻ അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത്;

(സി) എത്ര അപേക്ഷകൾ പി.എസ്.സി.ക്ക് ലഭിച്ചു;

(ഡി) ഈ നിയമനത്തിനുവേണ്ടിയുള്ള എഴുത്തു പരീക്ഷ നടത്തുകയുണ്ടായോ; എങ്കിൽ എന്നാണ് നടത്തിയത്;

(ഇ) ഈ തസ്തികയിലേയ്ക്ക് ഉടൻ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേകം പ്രത്യേകം അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) 29.12.98-ലേയും, 26.5.98-ലേയും ഗസറ്റ് വിജ്ഞാപനം പ്രകാരം ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും യഥാക്രമം അപേക്ഷ ക്ഷണിച്ചിരുന്നു.

(സി) ആകെ 134.

(ഡി) ഇല്ല.

(ഇ) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി കാലതാമസം കൂടാതെ നിയമന ശുപാർശ നൽകുന്നതാണ് എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

65 (691) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ നിയമനം

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; വർഷങ്ങൾ കഴിഞ്ഞിട്ടും നിയമനത്തിന് വേണ്ട ലിസ്റ്റ് തയ്യാറാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇനി എന്തെല്ലാം നടപടികൾ എടുക്കുവാനുണ്ട് എന്നും ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly